LIBRARY ARCHIVES Kerala Legislative Assembly

കേരള കൺസൂക്ഷൻ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം

134 (1960) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽ ബാങ്ക് നിർമ്മിതി ബോർഡിന്റേയും ഹൗസിംഗ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കേരള കൺസൂക്ഷൻ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി അതോറിറ്റി ഇവ ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) 2012-13-ൽ ഇവയ്ക്കോരോന്നിനും വേണ്ടി എത്ര രൂപ വകയിരുത്തിയിരുന്നു ; എത്ര രൂപ അനുവദിച്ചു ; എത്ര രൂപ പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

(സി) നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള തൊഴിൽ ബാങ്കിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് ; ഏതൊക്കെ മേഖലയിലേക്ക് തൊഴിലാളികളെ നൽകാൻ ബാങ്കിന് കഴിഞ്ഞിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) കൺസൂക്ഷൻ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ഇതുവരെ എത്ര തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) റിയൽ എസ്റ്റേറ്റ് രംഗത്തെ റെഗുലേറ്ററി അതോറിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ ?

ഉത്തരം

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തൊഴിൽബാങ്ക് രൂപീകരിക്കാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും ടി പദ്ധതിയിൽ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല.

നിർമ്മിതി ബോർഡിന്റെയും ഹൗസിംഗ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ രൂപീകരിക്കാൻ നിർദ്ദേശമുണ്ടായിരുന്നെങ്കിലും കേരള കൺസൂക്ഷൻ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയുടെ പ്രായോഗികതാ പഠനം നടത്താൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് ബോർഡ് പഠനം നടത്തുകയും പദ്ധതി ബോർഡിന് സാമ്പത്തികമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ നിലവിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ലായെന്ന് 19-8-2015-ൽ ഇനം നമ്പർ ഒന്നായി ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.

റിയൽ എസ്റ്റേറ്റ് രംഗത്ത് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) 2012-13-ൽ യുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി&ഡി) നിർമ്മിതി കേന്ദ്രത്തിന് കീഴിൽ തൊഴിൽ ബാങ്ക്, കൺസൂക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ രൂപീകരിച്ചിട്ടില്ല.

(ഇ) റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡവലപ്മെന്റ്) ഓർഡിനൻസ് 2015 പ്രകാരമുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കരട് ചട്ടങ്ങളും തയ്യാറാക്കിയിട്ടുണ്ട്. വെബ്സൈറ്റ് തുടങ്ങാനുള്ള നടപടിയും സ്റ്റാഫിന്റെ നിയമനം, ആവശ്യമായ ഫണ്ട് അനുവദിക്കൽ എന്നിവയുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സ്വരാജ് ഭവനിൽ പ്രസ്തുത ഓഫീസ് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാഫല്യം ഭവനനിർമ്മാണ പദ്ധതി

135 (1961) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2011-12-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സാഫല്യം ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) 2011-12 നുശേഷം ഇതുവരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതിക്കായി വകയിരുത്തപ്പെട്ട യുക എത്ര ; അനുവദിക്കപ്പെട്ട യുക എത്ര ; പിൻവലിക്കാതെ അവശേഷിക്കുന്ന യുക എത്ര ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയിൽ ഇതുവരെ എത്ര ഘട്ടങ്ങളിലായി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ ഘട്ടത്തിലും നിശ്ചയിച്ചിരുന്ന ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഇതുവരെയുള്ള ഓരോ ഘട്ടത്തിലും ഈ പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട് ; അവയിൽനിന്നും എത്ര ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട് ; ഇതിനുസ്വീകരിച്ച മാനദണ്ഡം എന്ത് ; വ്യക്തമാക്കാമോ ;

(ഇ) ഇവരിൽ ഇനിയും പാർപ്പിടം ലഭ്യമാകാതെ അവശേഷിക്കുന്നവരുണ്ടോ ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly